തടവുകാർക്കുള്ള ഭക്ഷണം

*428 [450] ശ്രീ. ഇ. കെ. പിള്ള:

ശ്രീ. പി. ശങ്കർ:

ശ്രീ. സി. എ. കുര്യൻ:

ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണ ഒരു തടവുകാരന് പ്രതിദിനം എത്ര ഔൺസ് ഭക്ഷണം നൽകുന്നു;

(ബി) എത്തെല്ലാം സമയങ്ങളിൽ ഭക്ഷണം നൽകാൻ വ്യവസ്ഥയുണ്ട്;

(സി) ന്യായമായ അളവിൽ തടവുകാർക്ക് ഭക്ഷണം നിഷേധിച്ചതിനെത്തുടർന്ന് തടവുകാർ എത്തെങ്കിലും രീതിയിലുള്ള പ്രതിഷേധങ്ങൾ നടത്തിയതായി റിപ്പോർട്ടു ലഭിച്ചിട്ടുണ്ടോ;

(ഡി) ഗവൺമെന്റ് നിശ്ചയിച്ച അളവിൽ ഭക്ഷണം ആവശ്യപ്പെട്ട തടവുകാരെ ജയിലധികൃതർ മർദ്ദിച്ചതായി പറയപ്പെടുന്നത് ശരിയാണോ;

(ഇ) ജയിലുകളിലേക്കാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിന് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന ക്രമീകരണം എന്താണ്;

(എഫ്) കോൺട്രാക്റ്റർമാരും ജയിലധികൃതരും കൂട്ടുചേർന്ന് നിർദ്ദിഷ്ട അളവിൽ തടവുകാർക്ക് ലഭിക്കേണ്ട ആഹാരം നിഷേധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) 220 ഗ്രാം അരിയും, 290 ഗ്രാം ഗോതമ്പും ഉൾപ്പെട്ട ഭക്ഷണം നൽകുന്നുണ്ട്.

(ബി) രാവിലെ, ഉച്ചക്ക്, വൈകുന്നേരം.

(സി) ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇപ്രകാരം റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) ശരിയല്ല.

(ഇ) ദർഘാസുകൾപ്രകാരം കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ സാധനങ്ങൾ വാങ്ങുന്നു.

(എഫ്) ഇല്ല.

LIBRARY ARCHIVES Kerala.Legislative Assembly